Malappuram District Police

## 18/05/2018 കൊളത്തൂർ

മാലാപറമ്പ് എം.ഇ.എസ്. മെഡിക്കൽ കോളേജിന് സമീപത്തെ പറമ്പിലും പരിസരപ്രദേശങ്ങളിലും കോഴിമാലിന്യം തള്ളിയ മൂന്നുപേരെ കൊളത്തൂർ പോലീസ് അറസ്റ്റുചെയ്തു.

വറ്റല്ലൂർ ചക്കരത്തൊടി കക്കേങ്ങല് മുഹമ്മദ് അഷ്റഫ്(45), മഞ്ചേരി പയ്യനാട് സ്വദേശികളായ കൊല്ലംപറമ്പിൽ ആഷിഖ്(34), വെള്ളിലാംകുന്ന് സിറാജുദ്ദീൻ എന്നിവരാണ് അറസ്റ്റിലായത്. കഴിഞ്ഞദിവസം മാലാപറമ്പ് ബധിര വിദ്യാലയത്തിന് സമീപം കോഴിമാലിന്യവും കക്കൂസ്മാലിന്യങ്ങളും തള്ളിയിരുന്നു.

രാത്രി രണ്ടോടെ വാഹനങ്ങൾ പോകുന്നത് കണ്ട് പിന്തുടരുകയായിരുന്നു. മാലിന്യം തള്ളാൻ ശ്രമിക്കുന്നതിനിടെ നാട്ടുകാർ തടയുകയും വാഹനത്തിലുണ്ടായിരുന്ന രണ്ടുപേരെ പിടികൂടുകയുമായിരുന്നു. മറ്റുള്ളവർ ഓടിരക്ഷപ്പെട്ടു. ഇതിനിടെ ചിലർ വാഹനങ്ങള് അടിച്ചുതകർത്തു. ഒന്നാം പ്രതിയുടെ സ്ഥലത്ത് സംസ്കരിക്കുന്നതിനാണ് മാലിന്യം കൊണ്ടുവന്നത്. ഇവിടെ മാലിന്യം സംസ്കരിക്കുന്നതിന് അനുമതിയില്ലെന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്ത് സെക്രട്ടറി കത്തുനൽകി. ഇതിന്റെ അടിസ്ഥാനത്തിൽ അഷ്റഫിനും കൂട്ടാളികൾക്കുമെതിരേ കേസെടുത്ത് അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

കൊളത്തൂർ എസ്.ഐ. സുരേഷ് ബാബുവിന്റെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്. പ്രതികളെ പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കി